(ഡി) 2004-2005 വർഷത്തെ ബഡ്ജറ്റിൽ അധികമായി തുക ഉൾപ്പെടുത്തിക്കുന്നതിനും പ്രസ്തുത തുകയ്ക്ക് നാളികേര വികസന ബോർഡിൽനിന്ന് റീവാലിഡേഷൻ ലഭിക്കുന്നതിനും നടപടി സ്വീകരിച്ചു കഴിഞ്ഞിട്ടുണ്ട്. കൊടുത്തുതീർക്കുവാനുള്ള മുഴുവൻ തുകയും കൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൃശ്ശൂർ ജില്ലയിലെ നെൽവിത്ത് വിതരണം

111 [395] ശ്രീ. ടി. വി. ചന്ദ്രമോഹൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ ചൂണ്ടൽ പഞ്ചായത്തിൽ ആറന്നൂർ പ്രദേശത്ത് സീഡ് അതോറിറ്റി കൃഷിക്കാർക്ക് നെൽവിത്ത് നൽകി കൃഷി ചെയ്യുന്ന പ്രോജക്ട് നിലവിലുണ്ടായിരുന്നോ;

(ബി) ഈ അതോറിറ്റി നൽകിയ കേടായ നെൽവിത്ത് നൽകിയതിന്റെ അടിസ്ഥാനത്തിൽ കൃഷി നശിച്ചതായി പരാതി ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ നെൽക്കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അതിനുള്ള നടപടികളുടെ ഇപ്പോഴത്തെ അവസ്ഥയെന്ത്; അവർക്ക് നഷ്ടപരിഹാരം ഉടനടി നൽകുമോ; അവർക്ക് വീണ്ടും ഗുണമേന്മയുള്ള നെൽവിത്ത് നൽകി കൃഷി പുനരാരംഭിക്കുവാൻ സീഡ് അതോറിറ്റി നടപടി കൈക്കൊള്ളുന്നുണ്ടോ;

(ഇ) കൃഷിനാശം സംഭവിച്ചതിനെപ്പറ്റി അന്വേഷിക്കുന്നതിനും കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകുന്നതിനെപ്പറ്റി റിപ്പോർട്ട് നൽകാനും ഒരു ഉയർന്ന ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ടായിരുന്നു.

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി ആന്റ് ഇ) പരാതിയുടെ നിജസ്ഥിതി അന്വേഷിച്ചുവരുന്നു. അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

നെൽക്കൃഷിയിടങ്ങൾ നികത്തുന്നത് തടയാൻ നടപടി

112 [396] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ ഭക്ഷ്യസുരക്ഷയെ അപകടപ്പെടുത്തുന്ന രീതിയിൽ പാലക്കാട് ജില്ലയിൽ നെൽക്കൃഷിയിടങ്ങൾ നികത്തുന്നത് കൃഷിവകുപ്പിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly